**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *448 29.6.2012-ൽ മറുപടിയ്ക്ക്

# നാണ്യവിള കൃഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ<br>,, എളമരം കരീം<br>,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>,, സാജു പോൾ | | **ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ നാണ്യവിളകൃഷിയിടങ്ങൾ നാൾക്കനാൾ കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തരിശുഭൂമിയിലും സ്വകാര്യ-സഹകരണ സ്ഥാപനങ്ങളുടെ കൃഷിയോഗ്യമായ സ്ഥലങ്ങളിലും നാണ്യവിള കൃഷി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | കൃഷിവകുപ്പ് നേരിട്ട് ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കശുമാവ് കൃഷിയുടെ വിത്ത് മുതൽ വിപണനം വരെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ട് ദേശീയ ഹോർട്ടി കൾച്ചർ മിഷൻ പദ്ധതി പ്രകാരം കേരള സംസ്ഥാന കാഷ്യു കൾട്ടിവേഷൻ ഏജൻസി (KSACC) വഴി 2009 മുതൽ 95.60 കോടി രൂപയുടെ 4 വർഷ കാലയളവുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ 58.07 കോടി രൂപ (85%) ദേശീയ ഹോർട്ടികൾച്ചർ മിഷൻ വിഹിതവും 27.28 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഈ പദ്ധതി പ്രകാരംതരിശു ഭൂമിയിലും സ്വകാര്യ-സഹകരണ സ്ഥാപനങ്ങളുടെ കൃഷി യോഗ്യമായ സ്ഥലങ്ങളിലും കശുമാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

(സി) നാണ്യവിളയേയും നാണ്യവിളകർഷകനേയും പ്രോത്സാഹിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(സി) പ്രധാന നാണ്യവിളയായ കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2012-13 വർഷത്തിൽ കൃഷി വകുപ്പ് 13 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. നിലവിലുള്ള ഉൽപാദന ശേഷി കുറഞ്ഞതും, രോഗകീടബാധിതവും ആയ 7167 ഹെക്ടർ സ്ഥലത്തെ കുരുമുളക് കൃഷി പുനരുജ്ജീവിപ്പിച്ച് ഉൽപാദനശേഷി കൂട്ടുന്നതിന് ഉതകുന്ന പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു. പുതുതായി 880 ഹെക്ടർ സ്ഥലത്ത് അത്യുൽപാദന ശേഷിയുള്ള കുരുമുളക്, ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് 880 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 20,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്. പുതുതായി കുരുമുളക് കൃഷി ചെയ്യുന്നതിനും വിവിധ കാരണങ്ങളാൽ കുരുമുളക് വള്ളികൾ നശിച്ചുപോയതുമായ സ്ഥലങ്ങളിൽ പുതുതായി കുരുമുളക് തൈകൾ വച്ചു പിടിപ്പിക്കുന്നതിനും അത്യുൽപാദശേഷിയുള്ള വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ ലഭ്യമാക്കുന്നതിന് നഴ്സറികൾക്കും ഫാമുകൾ ക്കും ധനസഹായം നൽകാൻ ലക്ഷ്യമിട്ടിരി ക്കുന്നു. 49 ലക്ഷം രൂപ ഇപ്രകാരം നല്ലയിനം നടീൽ വസ്തുക്കൾ നൽകാൻ നീക്കിവച്ചിരി ക്കുന്നു. കൂടാതെ ഗ്രാമ്പൂ, ജാതി , കൃഷി പ്രോത്സാഹനത്തിന് 1 കോടി രൂപയും ഈ വർഷം ചിലവഴിക്കുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. കശുമാവിന്റെ പുതിയ കൃഷിത്തോട്ട ങ്ങളുടെ വ്യാപനം
2. രോഗബാധിതവും പ്രായാധിക്യം ആയതുമായ പഴയ ചെടികൾ വെട്ടി മാറ്റി പുതിയവ വെച്ചുപിടിപ്പിക്കുക.

3. സാങ്കേതിക വിദ്യാവ്യാപനം
4. ജല സ്രോതസുകളുടെ നിർമ്മാണം.
5. കർഷകർക്കുള്ള പരിശീലനപരിപാടി
6. ജൈവ കൃഷി

സെക്ഷൻ ഓഫീസർ